യിൽ, ബട്ട് റോഡിൽ കലുങ്കു പുനർനിർമ്മാണം, കോഴിക്കോട് മാവൂർ റോഡിൽ ബിറ്റുമിൻ മെക്കാഡം ചെയ്യൽ, കല്ലുത്താൻ കടവുപാലത്തിനു സമീപറോഡുകൾ മുതലായ പണികൾക്കുള്ള അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല മാവൂർ റോഡ് ജംഗ്ഷൻ, രാജാജി റോഡ് ജംഗഷ്ൻ, ചൊവ്വയൂർ ജംഗ്ഷൻ, മെഡിക്കൽ കോളേജ് ജംഗ്ഷൻ, മീൻചന്ത ജംഗ്ഷൻ, എലഞ്ഞിപ്പാലം ജംഗ്ഷൻ മുതലായവയുടെ വികസനത്തിന് വിശദമായ പ്ലാൻ തയ്യാറാക്കുന്നതിന് നാട്പാക്-നെ ഏൽപ്പിച്ചിട്ടുണ്ട്.

133 (1352) വണ്ടിപ്പെരിയാർ-ഗവി-പ്ലാപ്പള്ളി റോഡ്

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ-ഗവി-പ്ലാപ്പള്ളി റോഡ് വൈദ്യുതി വകുപ്പ് എന്നാണ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയത്;

(ബി) എത്ര കിലോമീറ്റർ ദൂരമാണ് ഈ റോഡിനുള്ളത്;

(സി) റോഡ് സഞ്ചാരയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിരുന്നത്;

(ഡി) പച്ചക്കാനം മുതൽ പ്ലാപ്പള്ളി വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുവാൻ എന്നാണ് പ്രാഥമിക എസ്റ്റിമേറ്റ് സർക്കാരിലേക്ക് നൽകിയത്;

(ഇ) ഭരണാനുമതി ലഭിക്കുവാൻ വൈകുന്നതെന്തുകൊണ്ടാണ്;

(എഫ്) നബാർഡിന്റെ ധനസഹായം തേടുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡിന്റെ ശരിയായ പേര് വണ്ടിപ്പെരിയാർ-കോഴിക്കാനം ആങ്ങാമൂഴി-പ്ലാപ്പള്ളി എന്നാണ്. ഇതിൽ പച്ചക്കാനം വരെയുള്ള ഭാഗം 1984-ൽ വൈദ്യുതി വകുപ്പിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്. ആങ്ങാമൂഴി മുതൽ കോഴിക്കാനം വരെയുള്ള 63.6 കി.മീറ്റർ ഭാഗം ഇപ്പോഴും വൈദ്യുതി വകുപ്പിന്റെ അധീനതയിൽ തന്നെയാണ്.

(ബി) 93.6 കി.മീറ്റർ

(സി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 30 കി.മീറ്റർ സഞ്ചാരയോഗ്യമാക്കി തീർത്തിട്ടുണ്ട്.

(ഡി)&(എഫ്) പുതുക്കിയ ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി പരിശോധനയിലാണ്. 572 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

134 (1353) ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം

<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly